

സ്റ്റാമ്പുകളുടെ വിസ്മയലോകം

പി.എൽ. ജോസ്

കറുത്ത പശ്ചാത്തലത്തിൽ വിക്ടോറിയ രാജ്ഞിയുടെ ചിത്രം ആലേഖനംചെയ്ത 'പെനി ബ്ലാക്കിൽ' തുടങ്ങുന്നു തപാൽസ്റ്റാമ്പുകളുടെ ചരിത്രം. ആദ്യ സ്റ്റാമ്പിനെക്കുറിച്ചുള്ള കൗതുകവൃത്താന്തത്തിൽ ആരംഭിക്കുന്ന ഈ പുസ്തകം, വിനോദങ്ങളുടെ രാജാവെന്നും രാജാക്കന്മാരുടെ വിനോദമെന്നും അറിയപ്പെടുന്ന സ്റ്റാമ്പുശേഖരണത്തെക്കുറിച്ച് രസകരമായി പ്രതിപാദിക്കുന്നു. സ്റ്റാമ്പുകളുടെ പിതാവായ സർ റോളണ്ട് ഹില്ലിന്റെ ജീവിതരേഖയും, സ്റ്റാമ്പുകൾ സ്വന്തമാക്കാനുള്ള വ്യത്യസ്ത വഴികളും, സ്റ്റാമ്പുകളുടെ ജന്മദേശം തിരിച്ചറിയാനുള്ള രീതികളും, സ്വന്തം ചിത്രമുള്ള സ്റ്റാമ്പുകൾ കാണാൻ ഭാഗ്യംസിദ്ധിച്ച മഹാരഥന്മാരേയുമൊക്കെ ഈ കൃതി നിങ്ങൾക്ക് പരിചയപ്പെടുത്തുന്നു. അപൂർവസ്റ്റാമ്പുകളുടെ സമ്പാദകനെന്ന നിലയിൽ മാധ്യമശ്രദ്ധ നേടിയ ഗ്രന്ഥകാരൻ, വിനോദവും വിജ്ഞാനവും പകരുന്ന ഒരു ഹോബിയാണ് കൂട്ടുകാരിലേക്കെത്തിക്കുന്നത്.

Malayalam / General
Stampukalude Vismayalokam
Author: P.L. Jose

www.handcbooks.com
email:mail@handcbooks.com

₹ 80

ISBN 978-93-82116-97-4
9789382116974

H&C BOOKS

സ്റ്റാമ്പുകളുടെ വിസ്മയലോകം • പി.എൽ. ജോസ്

H&C

769.56 JOS/S
CASMTVK
1273

ege Library TVK

7 3

769.56 JOS/S
CASMTVK
1 2 7 3

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No.............................. Call No. 1273

This book should be returned on or before the date last given below.

പി.എൽ. ജോസ്

തൃശൂർ ചെട്ടിയങ്ങാടിയിലെ ഒരു കൊച്ചുമുറിയിൽ പത്രമാസികകളുടേയും പുസ്തകങ്ങളുടേയും കൂടെ വായനയും വില്പനയുമായി അരനൂറ്റാണ്ടു പിന്നിട്ടു. അധ്വാനത്തോടൊപ്പമുള്ള അധ്യയനത്തിൽ കൂടി ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഇപ്പോൾ സ്റ്റാമ്പു ശേഖരണവും വായനയുമായി സമയം ചെലവഴിക്കുന്നു.

ചെട്ടിയങ്ങാടിയിലെ മുഴുവൻ വ്യാപാരികളും വ്യവസായികളും അംഗങ്ങളായിട്ടുള്ള വ്യാപാരി വ്യവസായി സെല്ലിന്റെ സ്ഥാപകരിൽ ഒരാൾ. ഇപ്പോൾ വ്യാപാരരംഗത്തില്ലെങ്കിലും സെല്ലിന്റെ ഭാരവാഹിയും സജീവപ്രവർത്തകനുമാണ്. തൃശൂർ ഫിലാറ്റലിക് ക്ലബ്ബിന്റെ ലൈഫ്-ടൈം മെമ്പറും പ്രവർത്തകസമിതി അംഗവുമാണ്.

ഭാര്യ : ഫിലോമിന മക്കൾ : ജെയ്നി, ജെയിൻ, ജെയ്സി
വിലാസം : പുല്ലോക്കാരൻ ഹൗസ്, പാലക്കൽ, തൃശൂർ - 680 027,
മൊബൈൽ : 9495047377

സ്റ്റാമ്പുകളുടെ വിസ്മയലോകം

പി.എൽ. ജോസ്

എച്ച് & സി ബുക്സ്

യശേഖരണം കൂടി തുടങ്ങിയതിനു കാരണം എന്റെ സഹോദരൻ പി.എൽ. ചാക്കോയുടെ പ്രോത്സാഹനമായിരുന്നു. ഈ പുസ്തകരചനയ്ക്ക് എന്നെ സഹായിച്ച, സ്റ്റാമ്പുപ്രദർശനമത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുള്ള ഈയിടെ അന്തരിച്ച ജോൺ ജോസഫിനോടും (സ്റ്റാമ്പുശേഖരണത്തെ സംബന്ധിച്ച് നിരവധി ലേഖനങ്ങൾ എഴുതിയിട്ടുള്ള ജോൺ ജോസഫ് PAC മെമ്പറുമായിരുന്നു), ഫിലാറ്റലിസ്റ്റ് മോഹൻ രാജിനോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. അടുക്കും ചിട്ടയുമില്ലാതെ ഞാനെഴുതിയ ആശയങ്ങളിലെ വ്യാകരണത്തെറ്റുകൾ തിരുത്തി വായനക്കാർക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന വിധത്തിൽ അണിയിച്ചൊരുക്കി തന്ന കേരള കൗമുദി തൃശൂർ ബ്യൂറോ മുൻ ചീഫ് സി.എ. കൃഷ്ണനും നന്ദി അറിയിക്കുന്നു.

എന്റെ ആദ്യ സംരംഭമായ 'സ്റ്റാമ്പുകളുടെ വിസ്മയലോകം' എന്ന ഈ പുസ്തകത്തിന് ഇത്രയും അർഥവത്തും പ്രോത്സാഹജനകവുമായ ആശംസാസന്ദേശം എഴുതിത്തന്ന തൃശൂർ അതിരൂപതയുടെ ആർച്ച് ബിഷപ്പ് മാർ. ആൻഡ്രൂസ് താഴത്ത് പിതാവിനോട് ഞാൻ നന്ദി പറയുന്നു.

പൂർണത അവകാശപ്പെടാനാകില്ലെങ്കിലും സ്റ്റാമ്പുകളേയും സ്റ്റാമ്പുശേഖരണത്തേയും കുറിച്ച് കുറെ കാര്യങ്ങളെങ്കിലും ഈ പുസ്തകത്തിൽ ഉൾപ്പെടുത്താൻ സാധിച്ചതിൽ ചാരിതാർഥ്യമുണ്ട്.

ഈ പുസ്തകം പുർത്തിയാക്കുവാൻ എന്നെ ഒരു ഉപകരണമാക്കിയ സർവേശ്വരനേയും, മൺമറഞ്ഞുപോയ എന്റെ പ്രിയപ്പെട്ട മാതാപിതാക്കളേയും അനുസ്മരിച്ചുകൊണ്ട് 'സ്റ്റാമ്പുകളുടെ വിസ്മയലോകം' വായനക്കാർക്ക് സമർപ്പിക്കുന്നു.

പി.എൽ. ജോസ്

ഉള്ളടക്കം

1.	സ്റ്റാമ്പുകളുടെ പിതാവ്	11
2.	വിനോദങ്ങളുടെ രാജാവ്; രാജാക്കന്മാരുടെ വിനോദം	13
3.	തപാൽസ്റ്റാമ്പുകളുടെ ജനനം	15
4.	കത്തുകൾ വിമാനമാർഗം – തുടക്കം ഇന്ത്യയിൽ	21
5.	സ്റ്റാമ്പുകളുടെ ജന്മദേശം എങ്ങനെ തിരിച്ചറിയാം?	23
6.	സ്വതന്ത്രഭാരതത്തിന്റെ പ്രഥമസ്റ്റാമ്പുകൾ	26
7.	ഒരു കുടുംബത്തിൽനിന്ന് ഏഴുപേരും സ്റ്റാമ്പുകളിൽ	29
8.	തപാൽപെട്ടികൾ വിവിധ രാജ്യങ്ങളിൽ വിവിധ നിറങ്ങളിൽ	31
9.	വിവിധ രൂപത്തിലും ആകൃതിയിലുമുള്ള സ്റ്റാമ്പുകൾ	33
10.	ശിശുദിനസ്റ്റാമ്പുകൾ	35
11.	അശ്രദ്ധകൊണ്ട് അമൂല്യമായ സ്റ്റാമ്പുകൾ	37
12.	ക്രിസ്തുമസ് സ്റ്റാമ്പുകൾ	40
13.	സ്റ്റാമ്പുകളിൽ പ്രത്യക്ഷപ്പെട്ട കേരളീയർ	41
14.	ഉണ്ണികളോട് ഉണ്ണിക്കഥകൾ പറയുന്ന സ്റ്റാമ്പുകൾ	46
15.	സ്റ്റാമ്പുകൾ എങ്ങനെ സ്വന്തമാക്കാം?	48
16.	ഡെഫനറ്റീവ് സ്റ്റാമ്പുകളും കമ്മമ്മറേറ്റീവ് സ്റ്റാമ്പുകളും	50
17.	ഫിലാറ്റലിസ്റ്റിന്റെ പണിയായുധങ്ങൾ	53
18.	സ്റ്റാമ്പുപ്രദർശനങ്ങൾ – ഒരുക്കങ്ങൾ	55
19	ആൽബിനോ, കില്ലർ, ഫോൾഡർ, മിനിയേച്ചർ ഷീറ്റ്	59
20	മദർ തെരേസ സ്റ്റാമ്പുകൾ	61
21.	ഗ്രാന്റ് ഫിക്സ്	63
22.	സ്റ്റാമ്പുകളുടെ അച്ചടി ഇന്ത്യയിൽ	65
23.	സ്റ്റാമ്പുകളുടെ മ്യൂസിയം	68
24	രവീന്ദ്രനാഥടാഗോർ സ്റ്റാമ്പുകളിൽ	69
25	ഇന്ത്യൻ സ്റ്റാമ്പുകളിൽ മലയാളലിപി	70
26	താജ്മഹൽ സ്റ്റാമ്പുകൾ	71

27	സ്വന്തം ചിത്രമുള്ള വർണസ്റ്റാമ്പുകൾ	72
*	ഒരു കുടുംബം മുഴുവൻ സ്റ്റാമ്പുകളിൽ	73
*	വിവിധ രൂപത്തിലും ആകൃതിയിലുമുള്ള സ്റ്റാമ്പുകൾ	74
*	ശിശുദിന സ്റ്റാമ്പുകൾ	75
*	അശ്രദ്ധകൊണ്ട് അമൂല്യമായ സ്റ്റാമ്പുകൾ	76
*	ക്രിസ്തുമസ് സ്റ്റാമ്പുകൾ	77
*	സ്റ്റാമ്പുകളിൽ മലയാളികൾ	78
*	സെറ്റ്നെന്റ് രീതിയിൽ ഇറങ്ങിയ പഞ്ചതന്ത്ര സ്റ്റാമ്പുകൾ	79
*	മദർ തെരേസ സ്റ്റാമ്പുകൾ	80
*	സ്പേയ്സ് സ്റ്റാമ്പുകൾ	87
*	പുഷ്പങ്ങൾ സ്റ്റാമ്പുകളിൽ	82
*	ശ്വാനന്മാർ സ്റ്റാമ്പുകളിൽ	83
*	കുതിരകൾ സ്റ്റാമ്പുകളിൽ	84

സ്റ്റാമ്പുകളുടെ പിതാവ്

ലണ്ടനിലെ മുഖ്യ പോസ്റ്റോഫീസ്; ഇവിടെ പുഷ്പങ്ങൾ കൊണ്ടു അലങ്കരിച്ച ഒരു പീഠത്തിൽ, ജീവൻസ്ഫുരിക്കുന്ന, അതിമനോഹരമായ ഒരു പ്രതിമ കാണാം. ആ പ്രതിമയ്ക്കു താഴെ ഇങ്ങനെ രേഖപ്പെടുത്തിയ ഒരു കൊച്ചുവാചകം. 'സർ റോളണ്ട് ഹിൽ - സ്റ്റാമ്പുകളുടെ സ്രഷ്ടാവ്.' അദ്ദേഹത്തിനു ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാകട്ടെ, സ്റ്റാമ്പുകളുടെ വിസ്മയലോകത്തേക്ക് കടക്കുന്നത്.

1795 ഡിസംബർ 3-ാം തീയതി സ്കോട്ട്ലന്റിലെ കിഡർമിൽസ്റ്റർ എന്ന കുഗ്രാമത്തിൽ, ഒരു ദരിദ്രകുടുംബത്തിൽ റോളണ്ട് ഹിൽ ജനിച്ചു. മാതാപി താക്കളും മക്കളുമായി പത്തുപേരുള്ള ആ വലിയ കുടുംബം ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും വളരെ ഞെങ്ങിഞെരുങ്ങിയാണ് ദിവസങ്ങൾ പിന്നിട്ടു കൊണ്ടിരുന്നത്. ഉന്നത വിദ്യാഭ്യാസം നേടാൻ ആ കുടുംബത്തിലെ ധന സ്ഥിതി റോളണ്ടിനെ അനുവദിച്ചില്ല. എങ്കിലും കുട്ടിക്കാലം മുതൽക്കേ കണ ക്കിൽ അതിസമർഥനും വായനയിൽ അതീവ തത്പരനുമായിരുന്നു റോളണ്ട്. ദരിദ്രരോടു വളരെ അനുകമ്പയും കുട്ടികളോടു അതിരറ്റ സ്നേഹവും അദ്ദേ ഹത്തിനുണ്ടായിരുന്നു. ചെറിയ ചിത്രത്തുണ്ടുകൾ പോലെയുള്ള തപാൽമുദ്ര